ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 20.08.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് മഹാബലിപുരത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സോണൽ കൗൺസിൽ യോഗം ചേരും.

   **Union Home Minister Amit Shah will chair the meeting of the Southern Zonal Council in Mahabalipuram today.**

2. നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം ഇന്ന് സിംഗപ്പൂരിൽ. കേന്ദ്ര മന്ത്രിമാരായ നിർമ്മല സീതാരാമൻ, എസ്. ജയശങ്കർ, പിയൂഷ് ഗോയൽ തുടങ്ങിയവർ പങ്കെടുക്കും.

   **The fourth India-Singapore Ministerial Roundtable will be held in Singapore today. Union Ministers Nirmala Sitharaman, S. Jaishankar and Piyush Goyal will participate.**

3. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ജപ്പാൻ പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമിയുമായി കൂടിക്കാഴ്ച നടത്തും.

   **Defence Minister Rajnath Singh will meet Japanese Defence Minister Shinjiro Koizumi in New Delhi today.**

4. കേരളത്തിൽ, കൊതുകുജന്യ രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ ഇന്ന് നിർവ്വഹിക്കും.

   **In Kerala, Minister K. Muraleedharan will inaugurate the state-level awareness campaign against mosquito-borne diseases today.**

5. ശക്തമായ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ഇന്ന് ചുവപ്പു ജാഗ്രത. തമിഴ്നാട്, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിലും മുന്നറിയിപ്പ്.

**Red alert has been issued across all coastal districts of Kerala today due to the possibility of strong waves and coastal erosion. Warnings have also been issued for the coasts of Tamil Nadu, Lakshadweep, Mahe and Karnataka.**

6. ന്യൂഡൽഹിയിൽ നടക്കുന്ന ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ പ്രീ-ക്വാർട്ടർ മത്സരങ്ങളിൽ പി.വി. സിന്ധു ഉൾപ്പടെയുള്ള ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും.

**Indian players, including P.V. Sindhu, will take the court today in the pre-quarterfinals of the World Badminton Championships being held in New Delhi.**

&&&&&&&&&&&&&&&&&&&&&&

## SHAH - TAMIL NADU MEETING

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ തമിഴ്നാട്ടിലെ മഹാബലിപുരത്ത് ഇന്ന് സതേൺ സോണൽ കൗൺസിൽ യോഗം ചേരും. ആന്ധ്രാപ്രദേശ്, കർണാടക, കേരളം, തമിഴ്നാട്, തെലങ്കാന സംസ്ഥാനങ്ങളും പുതുച്ചേരി, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് കൗൺസിൽ. ലഫ്റ്റനന്റ് ഗവർണർമാർ, മുഖ്യമന്ത്രിമാർ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. സംസ്ഥാനങ്ങൾ ഉന്നയിക്കുന്ന വിവിധ വിഷയങ്ങൾ സോണൽ കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കും. രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനായി ഇന്നലെ ചെന്നൈയിലെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി മുഖ്യമന്ത്രി സി ജോസഫ് വിജയിയുമായി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&&&

## INDIA SINGAPORE ROUNDTABLE

നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം ഇന്ന് സിംഗപ്പൂരിൽ നടക്കും. കേന്ദ്ര മന്ത്രിമാരായ നിർമ്മല സീതാരാമൻ,

എസ്. ജയശങ്കർ, പിയൂഷ് ഗോയൽ, സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കും. ഇതോടനുബന്ധിച്ച് ഇന്നലെ സിംഗപ്പൂരിലെത്തിയ വിദേശകാര്യമന്ത്രി എസ് ജയശങ്കർ സിംഗപ്പൂർ വിദേശകാര്യമന്ത്രി വിവിയൻ ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&&&

## RAJNATH – JAPAN DEFENCE MINISTER

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ജപ്പാൻ പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമിയുമായി കൂടിക്കാഴ്ച നടത്തും. മെയ്ക്ക്-ഇൻ-ഇന്ത്യ ചട്ടക്കൂടിന് കീഴിലുള്ള സമുദ്ര സുരക്ഷ, പ്രതിരോധ ഉത്പാദനം എന്നിവയിലെ സഹകരണത്തെക്കുറിച്ച് ചർച്ച നടക്കും. ഇന്ത്യ സന്ദർശനത്തിന്റെ ഭാഗമായി ഷിൻജിറോ കൊയ്സുമി മുംബൈയിലെ വെസ്റ്റേൺ നേവൽ കമാൻഡ് സന്ദർശിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

## RIJIJU– ARUNACHAL ( INTRO)

അരുണാചൽ പ്രദേശ് അതിർത്തിയിൽ നിന്നും 60 കിലോമീറ്റർ ഉള്ളിലേക്ക് ചൈന കടന്നുകയറിയെന്ന അവകാശവാദം തെറ്റാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ബംഗ്ലാദേശിൽ നിന്നുള്ള ചിത്രങ്ങളും വീഡിയോകളും ഉപയോഗിച്ച് തെറ്റായ പ്രചാരണം നടത്തുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യ-ചൈന അതിർത്തി വിഷയം അതീവ ഗൗരവമുള്ളതാണെന്നും ഇത്തരം അവകാശവാദങ്ങൾ അതിർത്തിയിലെ സൈനികരുടെ മനോവീര്യം തകർക്കാനും അനാവശ്യമായ ആശയക്കുഴപ്പം സൃഷ്ടിക്കാനും ഇടയാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്....)

&&&&&&&&&&&&&&&&&&&&&&

## CABINET - PROJECTS

നാല് റെയിൽവേ പദ്ധതികളും ഒരു ദേശീയപാത പദ്ധതിയും ഉൾപ്പെടെ 13,041 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പശ്ചിമ ബംഗാൾ, ഒഡീഷ, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി എട്ട് ജില്ലകളെ ഉൾക്കൊള്ളുന്ന നാല് റെയിൽവേ മൾട്ടി-ട്രാക്കിംഗ് പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&&&&&&

## DELHI SIR - EXTEND

ഡൽഹിയിൽ പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 24 വരെ നീട്ടി. കരട് വോട്ടർ പട്ടിക ഈ മാസം 31-ന് പ്രസിദ്ധീകരിക്കും. പരാതികൾ സമർപ്പിക്കാനുള്ള അവസാന തീയതി അടുത്ത മാസം 30 ആണ്. നവംബർ 4-ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&&&&&

## YUVA SANGAM - DATE EXTENSION

യുവജന വിനിമയ പരിപാടിയായ യുവ സംഗമം ഏഴാം ഘട്ടത്തിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ്റെ അവസാന തീയതി ഈ മാസം 31 വരെ നീട്ടിയതായി വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. 18 മുതൽ 30 വയസ്സുവരെയുള്ള യുവാക്കൾക്ക് പങ്കെടുക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദ്യാഭ്യാസ-സാംസ്കാരിക പര്യടനങ്ങൾക്ക് അവസരമുണ്ടാകും.

&&&&&&&&&&&&&&&&&&&&&&&

## SURESHGOPI - KOLLAM

കൊല്ലത്തെ വിവിധ കേന്ദ്രപദ്ധതികളുടെ പുരോഗതി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് നേരിട്ട് വിലയിരുത്തും. അഷ്ടമുടി ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണ മേഖലകൾ അദ്ദേഹം സന്ദർശിക്കും. ശിവഗിരി സർക്യൂട്ട് സംബന്ധിച്ച അവലോകനയോഗത്തിൽ പങ്കെടുക്കുന്ന കേന്ദ്ര സഹമന്ത്രി,

ശാന്തിഗിരി ആശ്രമത്തിന്റെ പ്രസാദ് പദ്ധതിയുമായി ബന്ധപ്പെട്ട യോഗത്തിലും സംബന്ധിക്കും.

&&&&&&&&&&&&&&&&&&&&&&

## K. MURALEEDHARAN

കൊതുകുജന്യ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഇന്ന് സംസ്ഥാന വ്യാപകമായി ലോക കൊതുക് ദിനം ആചരിക്കും. കൊതുക് ദിന ബോധവത്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി കെ. മുരളീധരൻ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾ പങ്കാളികളാകണമെന്ന് ആരോഗ്യ വകുപ്പ് അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&&&&&&

## KSRTC

കെഎസ്ആർടിസിയുടെ എക്സിക്യൂട്ടീവ് എസി വോൾവോ ആഡംബര ബസ്, ഇന്ന് മുതൽ സർവീസ് ആരംഭിക്കും. തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് 4 മണിക്കൂർ 15 മിനുട്ട് കൊണ്ട് എത്തുന്ന വിധത്തിലാണ് സർവീസ് ക്രമീകരിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് നിന്ന് രാവിലെ അഞ്ചരയ്ക്കും, തിരികെ വൈകിട്ട് അഞ്ചരയ്ക്ക് എറണാകുളത്ത് നിന്നുമാണ് സർവീസ്.

&&&&&&&&&&&&&&&&&&&&&&

## TRUMP – IRAN ECONOMIC WARFARE

ഇറാനെതിരെ പുതിയ സാമ്പത്തിക യുദ്ധം പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അമേരിക്കയുമായി കരാറിലെത്താൻ ഇറാന് പല അവസരങ്ങളും നൽകിയിരുന്നെങ്കിലും അവർ പരാജയപ്പെട്ടതായി ട്രംപ് വ്യക്തമാക്കി. ഇറാനെ സഹായിക്കുന്ന രാജ്യങ്ങൾക്കും സാമ്പത്തിക പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്നും മുന്നറിയിപ്പ് നൽകി. അതേസമയം, ധാരണാ പത്രത്തിലെ വ്യവസ്ഥകൾ അമേരിക്ക പാലിക്കുന്നത് വരെ ഹോർമുസ് കടലിടുക്ക് തുറക്കില്ലെന്ന് ഇറാനും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## SPACE DAY - LAKSHADWEEP

ലക്ഷദ്വീപിൽ, ദേശീയ ബഹിരാകാശ ദിനാഘോഷങ്ങളുടെ ഭാഗമായി ISRO യുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ബഹിരാകാശ ശിൽപ്പശാല സംഘടിപ്പിച്ചു. ലക്ഷദ്വീപ് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹകരണത്തോടെയാണ് കവരത്തി ദ്വീപിൽ പരിപാടി നടന്നത്. VSSC പ്രോജക്ട് ഡയറക്ടർ എസ്. ആർ. ബിജു ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&

## KERALA WEATHER

ഉയർന്ന തിരമാലകൾക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ഇന്നു വൈകിട്ടു വരെ ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തമിഴ്നാട്, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിലും മുന്നറിയിപ്പ് നൽകി. ബീച്ചുകളിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കാൻ നിർദ്ദേശമുണ്ട്. അതേസമയം, ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## KCL (INTRO)

കേരളാ ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസണിന് ഇന്ന് തിരുവനന്തപുരത്തു തുടക്കമാകും. 17 ദിവസത്തെ ടൂർണമെന്റിന്റെ ഫൈനൽ സെപ്റ്റംബർ അഞ്ചിനാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

## BWF BADMINTON

ന്യൂഡൽഹിയിൽ നടക്കുന്ന ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ പ്രീ-ക്വാർട്ടർ മത്സരങ്ങളിൽ ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും. വനിതാ സിംഗിൾസിൽ, പി.വി. സിന്ധു ചൈനയുടെ മൂന്നാം സീഡ് വാങ് ഷി

യിയെ നേരിടും. പുരുഷ സിംഗിൾസിൽ, ആയുഷ് ഷെട്ടി, ഇന്തോനേഷ്യൻ താരത്തോട് ഏറ്റുമുട്ടും. പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യവും, വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യവും മത്സരിക്കും. മിക്സഡ് ഡബിൾസിൽ ധ്രുവ് കപില - തനിഷ ക്രാസ്റ്റോ സഖ്യം ചൈനീസ് താരങ്ങളോട് മത്സരിക്കും.

&&&&&&&&&&&&&&&&&&&&&&

**HOCKEY – WORLD CUP**

നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. വിജയമോ സമനിലയോ നേടിയാൽ ഇന്ത്യക്ക് പൂളിൽ ഒന്നാമതെത്തി അടുത്ത റൗണ്ടിലേക്ക് നേരിട്ട് യോഗ്യത നേടാം. പുരുഷ വിഭാഗത്തിൽ ഇന്നലെ നടന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടി.

&&&&&&&&&&&&&&&&&&&&&&

**BANGLA PREZ POLLING**

ബംഗ്ലാദേശിന്റെ പുതിയ പ്രസിഡന്റിനെ ഇന്നു തെരഞ്ഞെടുക്കും. ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെ പാർലമെന്റ് മന്ദിരമായ ജാതിയ സംസദിൽ എംപിമാർ വോട്ട് രേഖപ്പെടുത്തും. ഭരണകക്ഷിയായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി പ്രതിനിധിയായി മിർസ ഫക്രുൽ ഇസ്‌ലാം ആലംഗീറും, പ്രതിപക്ഷ സഖ്യ സ്ഥാനാർത്ഥിയായി കേണൽ ഒലി അഹമ്മദും തമ്മിലാണ് പ്രധാന മത്സരം.

&&&&&&&&&&&&&&&&&&&&&&

**CONGO EBOLA**

കോംഗോയിൽ എബോള ബാധിതരുടെ എണ്ണം 5,000 കടന്നു. ഇതുവരെ 2,378 മരണങ്ങൾ റിപ്പോർട്ട് ചെയ്തതായി കോംഗോ ആരോഗ്യ മന്ത്രാലയം അറിയിച്ചു. സുരക്ഷാ പ്രശ്നങ്ങൾ, ജനങ്ങളുടെ പലായനം എന്നിവ രോഗനിയന്ത്രണ പ്രവർത്തനങ്ങളെ കൂടുതൽ ദുഷ്കരമാക്കുന്നതായും മന്ത്രാലയം അറിയിച്ചു. നിലവിലെ സ്ഥിതി,

2014-2016 കാലഘട്ടത്തിലെ പടിഞ്ഞാറൻ ആഫ്രിക്കൻ എബോള വ്യാപനത്തെക്കാൾ തീവ്രമായേക്കാമെന്ന് ലോകാരോഗ്യ സംഘടന വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## INDIA DAY FESTIVAL – MOSCOW

ഇന്ത്യയിലെയും റഷ്യയിലെയും ജനങ്ങളെ അണിനിരത്തി, നാല് ദിവസം നീണ്ടുനിൽക്കുന്ന 'ഇന്ത്യ ഡേ' ഉത്സവം ഇന്ന് മോസ്കോയിൽ ആരംഭിക്കും. "സംസ്കാരങ്ങളുടെ ഐക്യം - ജനങ്ങളുടെ സൗഹൃദം" എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന ഉത്സവത്തിൽ യോഗ, ചെസ്സ്, നൃത്തം, ആയുർവേദം തുടങ്ങി ഇന്ത്യൻ സംസ്കാരത്തെ അടുത്തറിയാൻ അവസരമൊരുക്കുന്ന ഇരുപതോളം പ്രത്യേക സ്റ്റാളുകളും ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## ODISHA – FLOOD

ജാർഖണ്ഡിലെ ശക്തമായ മഴയെത്തുടർന്ന് സുബർണരേഖ നദിയിലെ ജലനിരപ്പ് ഉയർന്നതോടെ വടക്കൻ ഒഡീഷയിൽ വെള്ളപ്പൊക്ക ഭീഷണി ഗുരുതരമായി തുടരുന്നു. ബാലസോറിൽ നദി അപകടരേഖയ്ക്ക് മുകളിലേക്ക് ഉയർന്നു. ഇതോടെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഭദ്രക്, കേന്ദ്രപാര, ജാജ്പൂർ ജില്ലകളിൽ ജനങ്ങൾ പ്രളയദുരിതത്തിലാണ്.

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&